**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2569** **21-01-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ടതും, സുരക്ഷിതവുമായ സേവനം ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി 150 സിവിൽ പോലീസ് ഓഫീസർമാരെയും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം സംബന്ധമായ സേവനങ്ങൾ മികച്ച രീതിയിൽ ലഭ്യമാക്കുന്നതിന് അംഗീകൃത ടൂറിസം ഗൈഡുകൾ ടൂറിസ്റ്റുകളെ സഹായിക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും ടൂറിസം വകുപ്പ് നേരിട്ട് ഇൻഫർമേഷൻ സെന്ററുകൾ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് പുറത്തിറക്കിയിട്ടുള്ള ടൂറിസം വിവര ഗൈഡ് ബ്രോഷറുകൾ എന്നിവയും സഞ്ചാരികൾക്ക് മികച്ച സേവനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 1-800-425-4747 എന്ന ടോൾ ഫ്രീ നമ്പർ ടൂറിസം സംബന്ധിച്ച കാര്യങ്ങൾക്ക് സഞ്ചാരികൾക്ക് ഏതു സമയവും ആശ്രയിക്കാവുന്നതാണ്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലെ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. |
| (ബി) | സംസ്ഥാനത്തെ ഹോം സ്റ്റേകൾക്കും ആയുർവേദ കേന്ദ്രങ്ങൾക്കും ക്ലാസിഫിക്കേഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഹോം സ്റ്റേകൾക്കും ആയുർവേദ കേന്ദ്രങ്ങൾക്കും ടൂറിസം വകുപ്പ് ക്ലാസിഫിക്കേഷൻ നൽകി വരുന്നുണ്ട്. സഉ(കൈ) നം. 27/2019/ ടൂറിസം തീയതി 19-12-2019 പ്രകാരം ആയുർവേദ സെന്ററുകൾക്കും സഉ(കൈ) നമ്പർ 03/2020/ ടൂറിസം തീയതി 16-01-2020 പ്രകാരം ഹോംസ്റ്റേകൾക്കും ക്ലാസിഫിക്കേഷൻ നൽകിവരുന്നുണ്ട്. |
| (സി) | ഹൗസ് ബോട്ടുകളിൽ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുവാൻ സ്വീകരിച്ച പ്രത്യേക നടപടികൾ വ്യക്തമാക്കുമോ; | (സി) | ഹൗസ് ബോട്ടുകളിൽ ടൂറിസ്റ്റുകളുടെ സുരക്ഷയും മെച്ചപ്പെട്ട സേവനവും ഉറപ്പുവരുത്തുന്നതിനായി ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ നൽകാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വിദേശ വനിത കോവളത്ത് കൊല്ലപ്പെട്ടതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക സുരക്ഷാസംവിധാനവും, മോണിട്ടറിംഗ് | (ഡി) | സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വേണ്ടുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി |

| | | | |
|---|---|---|---|
| | സംവിധാനവും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | | ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി 150 സിവിൽ പോലീസ് ഓഫീസർമാരെയും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം സംബന്ധമായ സേവനങ്ങൾ മികച്ച രീതിയിൽ ലഭ്യമാക്കുന്നതിന് അംഗീകൃത ടൂറിസം ഗൈഡുകൾ ടൂറിസ്റ്റുകളെ സഹായിക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും ടൂറിസം വകുപ്പ് നേരിട്ട് ഇൻഫർമേഷൻ സെന്ററുകൾ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് പുറത്തിറക്കിയിട്ടുള്ള ടൂറിസം വിവര ഗൈഡ് ബ്രോഷറുകൾ എന്നിവയും സഞ്ചാരികൾക്ക് മികച്ച സേവനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന 1-800-425-4747 എന്ന ടോൾ ഫ്രീ നമ്പർ ടൂറിസം സംബന്ധിച്ച കാര്യങ്ങൾക്ക് സഞ്ചാരികൾക്ക് ഏതു സമയവും ആശ്രയിക്കാവുന്നതാണ്. വകുപ്പ് |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലെ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. |

സെക്ഷൻ ഓഫീസർ